# TALENT ACADEMY MODEL EXAM SERIES [TAMES]

**01/2023**

**Question Booklet Alpha Code**

**A**

Name :- ..............................

Reg. No :- ...........................

Question Booklet Sl.No.

**Total Number of Questions : 100**

**Maximum Marks : 100**

**Time : 75 Minutes**

## INSTRUCTIONS TO CANDIDATES

1. The Question Paper will be given in the form of a Question Booklet. There will be four versions of Question Booklets with Question Booklet Alpha Code viz. **A, B, C** & **D**.
2. The Question Booklet Alpha Code will be printed on the top left margin of the facing sheet of the Question Booklet.
3. The Question Booklet Alpha Code allotted to you will be noted in your seating position in the Examination Hall.
4. If you get a Question Booklet where the alpha code does not match to the allotted Alpha Code in the seating position, please draw the attention of the Invigilator IMMEDIATELY.
5. The Question Booklet Serial Number is printed on the top right margin of the facing sheet. If your Question Booklet is un-numbered, please get it replaced by new Question Booklet with same Alpha Code.
6. The Question Booklet will be sealed at the middle of the right margin. Candidate should not open the Question Booklet, until the indication is given to start answering.
7. Immediately after the commencement of the examination, the candidate should check that the Question Booklet supplied to him/her contains all the 100 questions in serial order. The Question Booklet does not have unprinted or torn or missing pages and if so he/she should bring it to the notice of the Invigilator and get it replaced by a complete booklet with same Alpha Code. This is most important.
8. **Question Serial No. 1 to 70 are printed both in English and in Official Language (Malayalam). Doubts regarding the meaning and translation of Question Serial No. 1 to 70 will be settled based on the Questions in English.**
9. Two blank pages are provided before the last page of this Question Paper for rough work.
10. **Please read carefully all the instructions on the reverse of the Answer Sheet before marking your answers.**
11. Each question is provided with four choices **(A)**, **(B)**, **(C)** and **(D)** having one correct answer. Choose the correct answer and darken the bubble corresponding to the question number using Blue or Black Ball Point Pen in the OMR Answer Sheet.
12. **Each correct answer carries 1 mark and for each wrong answer 1/3 mark will be deducted. No negative mark for unattended questions.**
13. No candidate will be allowed to leave the examination hall till the end of the session and without handing over his/her Answer Sheet to the Invigilator. Candidates should ensure that the Invigilator has verified all the entries in the Register Number Coding Sheet and that the Invigilator has affixed his/her signature in the space provided.
14. Strict compliance of instructions is essential. Any malpractice or attempt to commit any kind of malpractice in the Examination will result in the disqualification of the candidate.

1. Some international organizations and their motto are given. Find out the wrong pair.
(a) FAO - Let there be bread
(b) ASEAN - With humanity towards peace
(c) Interpol - Connecting Police for a safer world
(d) ILO - If you desire peace, cultivate justice

2. Choose the correct statements.
1. The first aerial battle in history took place in the First World War.
2. Germany was the first country to use chemical weapons.
3. Phosgene and Chlorine were the chemical weapons used in the First World War.
(a) 1 & 2 (b) 2 & 3 (c) 1 & 3 (d) 1, 2 & 3

3. Find out the wrong statement
(a) The first census in Travancore was conducted in 1836 during the reign of Swathi Thirunal.
(b) The first systematic census in Travancore took place during the reign of Ayilyam Thirunal.
(c) Murajapam was first celebrated in 1750 during the reign of Marthanda Varma.
(d) Slavery was banned in Travancore during the reign of Rani Sethu Lakshmi Bayi.

4. Books/ Films related to Kayyur revolt are given. Match them correctly with associated person

| | |
|---|---|
| A. Chirasmarana | 1. Lenin Rajendran |
| B. Kayyur Samara Charithram | 2. Niranjana |
| C. Kayyurum Karivellurum | 3. A.V Kunjambu |
| D. Meena Masathile Suryan | 4. V.V. Kunjambu |

(a) A-2, B-3, C-4, D-1 (b) A-3, B-4, C-1, D-2
(c) A-2, B-4, C-3, D-1 (d) A-1, B-3, C-4, D-2

5. The Secretary of the Khilafat Committee formed in Kerala.
(a) Kattilasseri Muhammed Moulavi (b) Mohammed Abdurahiman Sahib
(c) E. Moidu Moulavi (d) Shoukathali

6. With reference to the book “Desher Katha” written by Sakharam Ganesh Deuskar during the freedom struggle, consider the following statements :
1. It warned against the Colonial State’s hypnotic conquest of the mind.
2. It inspired the performance of swadeshi street plays and folk songs.
3. The use of ‘desh’ by Deuskar was in the specific context of the region of Bengal.
Which of the statements given above are correct?
(a) 1 and 2 only (b) 2 and 3 only (c) 1 and 3 only (d) 1, 2 and 3

7. The native state of Tripura involved in the freedom movement early in the 20th century because:
(a) the kings of Tripura were always anti-British
(b) the Bengal revolutionaries took shelter in Tripura
(c) the tribes of the state were fiercely freedom loving
(d) there were already some groups fighting against the kingship and its protector, the British

An easy way to success... TALENT ACADEMY

1. ചില അന്താരാഷ്ട്ര സംഘടനകളും അവയുടെ ആപ്തവാക്യങ്ങളും തന്നിരിക്കുന്നു. തെറ്റായ ജോഡി കണ്ടെത്തുക.
   (a) FAO - ലെറ്റ് ദെയർ ബി ബ്രെഡ്
   (b) ആസിയാൻ - വിത്ത് ഹ്യൂമാനിറ്റി ടുവാർഡ്സ് പീസ്
   (c) ഇന്റർപോൾ - കണക്ടിംഗ് പോലീസ് ഫോർ എ സേഫർവേൾഡ്
   (d) ILO - ഇഫ് യൂ ഡിസയർ പീസ്, കൾട്ടിവേറ്റ് ജസ്റ്റിസ്

2. ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക.
   1. ചരിത്രത്തിലാദ്യമായി ആകാശയുദ്ധം നടന്നത് ഒന്നാം ലോക മഹായുദ്ധത്തിലാണ്.
   2. ആദ്യമായി രാസായുധം പ്രയോഗിച്ചത് ജർമ്മനിയാണ്.
   3. ഒന്നാം ലോകമഹായുദ്ധത്തിൽ ഉപയോഗിച്ച രാസായുധങ്ങളാണ് ഫോസ്ജീനും ക്ലോറിനും.
   (a) 1 ഉം 2 ഉം (b) 2 ഉം 3 ഉം (c) 1 ഉം 3 ഉം (d) 1 ഉം 2 ഉം 3 ഉം

3. തെറ്റായ പ്രസ്താവന കണ്ടെത്തുക.
   (a) 1836-ൽ സ്വാതി തിരുനാളിന്റെ കാലത്താണ് തിരുവിതാംകൂറിൽ ആദ്യ സെൻസസ് നടന്നത്.
   (b) തിരുവിതാംകൂറിൽ ആദ്യ ക്രമീകൃത സെൻസസ് നടന്നത് ആയില്യം തിരുനാളിന്റെ കാലത്താണ്.
   (c) മുറജപം ആദ്യമായി ആഘോഷിച്ചത് 1750-ൽ മാർത്താണ്ഡവർമ്മയുടെ കാലത്താണ്.
   (d) റാണി സേതുലക്ഷ്മീഭായി തമ്പുരാട്ടിയുടെ ഭരണകാലത്ത് തിരുവിതാംകൂറിൽ അടിമത്തം നിർത്തലാക്കി.

4. കയ്യൂർ സമരവുമായി ബന്ധപ്പെട്ട കൃതികൾ/ സിനിമകൾ തന്നിരിക്കുന്നു. ബന്ധപ്പെട്ട വ്യക്തികളുമായി ശരിയായി യോജിപ്പിക്കുക.

| | |
|---|---|
| A. ചിരസ്മരണ | 1. ലെനിൻ രാജേന്ദ്രൻ |
| B. കയ്യൂർ സമരചരിത്രം | 2. നിരഞ്ജന |
| C. കയ്യൂരും കരിവെള്ളൂരും | 3. എ.വി.കുഞ്ഞമ്പു |
| D. മീനമാസത്തിലെ സൂര്യൻ | 4. വി.വി.കുഞ്ഞമ്പു |

   (a) A-2, B-3, C-4, D-1 (b) A-3, B-4, C-1, D-2
   (c) A-2, B-4, C-3, D-1 (d) A-1, B-3, C-4, D-2

5. കേരളത്തിൽ രൂപീകരിച്ച ഖിലാഫത്ത് കമ്മിറ്റിയുടെ സെക്രട്ടറി
   (a) കട്ടിലശ്ശേരി മുഹമ്മദ് മൗലവി (b) മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്
   (c) ഇ. മൊയ്തു മൗലവി (d) ഷൗക്കത്തലി

6. സഖാറാം ഗണേശ് ദിയോസ്കർ രചിച്ച 'ദേശേർ കഥ' എന്ന പുസ്തകത്തെ അടിസ്ഥാനമാക്കി താഴെപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.
   1. കൊളോണിയൽ സ്റ്റേറ്റിന്റെ ഹിപ്നോട്ടിക്പരമായ മനസ്സ് കീഴടക്കലിനെതിരെ മുന്നറിയിപ്പ് നൽകി.
   2. സ്വദേശി തെരുവ് നാടക പ്രകടനങ്ങൾക്കും നാടൻ പാട്ടുകൾക്കും ഇത് പ്രചോദനമായി.
   3. ദിയോസ്കറിന്റെ 'ദേശ്' പ്രയോഗം വിശേഷിച്ചും ബംഗാൾ പ്രദേശത്തിന്റെ പശ്ചാത്തലത്തിലായിരുന്നു.
   മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ കണ്ടെത്തുക.
   (a) 1 ഉം 2 ഉം മാത്രം (b) 2 ഉം 3 ഉം മാത്രം
   (c) 1 ഉം 3 ഉം മാത്രം (d) 1 ഉം 2 ഉം 3 ഉം

7. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ത്രിപുര സംസ്ഥാനം സ്വാതന്ത്ര്യ പ്രസ്ഥാനത്തിൽ പങ്കാളികളായി. കാരണം :
   (a) ത്രിപുരയിലെ രാജാക്കന്മാർ എന്നും ബ്രിട്ടീഷ് വിരുദ്ധ മനോഭാവമുള്ളവരായിരുന്നു.
   (b) ബംഗാൾ വിപ്ലവകാരികൾ ത്രിപുരയിൽ അഭയം പ്രാപിച്ചു.
   (c) സംസ്ഥാനത്തെ ഗോത്രവർഗ്ഗം കടുത്ത സ്വാതന്ത്ര്യ സ്നേഹികളായിരുന്നു.
   (d) രാജത്വത്തിനും അതിന്റെ സംരക്ഷകരായ ബ്രിട്ടീഷുകാർക്കുമെതിരെ പോരാടുന്ന ചില സംഘങ്ങൾ ഇതിനകം തന്നെ ഉണ്ടായിരുന്നു.

8. The Mughal school of painting formed the spinal column of different schools of Indian miniature art. Which one of the following painting styles was not affected by Mughal painting?
(a) Pahari (b) Rajasthani
(c) Kangra (d) Kalighat

9. Match the following:

| | |
|---|---|
| A. Landholders' Society | 1. H.N. Kunzru |
| B. Pune Sarvajanik Sabha | 2. Sisir Kumar Ghosh |
| C. Seva Samithi | 3. Dwarakanath Tagore |
| D. Indian League | 4. M. G. Ranade |

(a) A-3, B-4, C-1, D-2 (b) A-4, B-3, C-1, D-2
(c) A-3, B-4, C-2, D-1 (d) A-4, B-3, C-2, D-1

10. The Lok Jumbish project implemented in Rajasthan with the help of Swedish International Development Agency is related to
(a) Health (b) Education (c) Environment (d) E-governance

11. Assertion (A): Unlike temperate forests, the tropical rainforests, if cleared, can yield productive farmland that can support intensive agriculture for several years even without chemical fertilizers.
Reason(R): The primary productivity of the tropical rainforest is very high when compared to that of temperate forests.
(a)Both A and R are individually true and R is the correct explanation of A.
(b)Both A and R are individually true but R is not the correct explanation of A.
(c) A is true but R is false
(d) A is false but R is true

12. The Brahmaputra, Irrawady and Mekong rivers originate in Tibet and flow through narrow and parallel mountain ranges in their upper course. Of these rivers, Brahmaputra makes a 'U' turn in its course to flow into India. This 'U' turn is due to
(a)Uplift of folded Himalayan series
(b) Syntaxial bending of geologically young Himalayas
(c) Geo-tectonic disturbance in the tertiary folded mountain chains
(d) Both (a) and (b) above are right

13. Gandikota canyon of South India was created by which one of the following rivers ?
(a) Cauvery (b) Manjira (c) Pennar (d) Tungabhadra

14. Quartzite is metamorphosed from :
(a) Limestone (b) Obsidian (c) Sandstone (d) Shale

15. With reference to Idukki district, find out the wrong statement(s)
1) The largest pineapple producing district in Kerala
2) The first hallmarked district in Kerala
3) Kattappana in Idukki is the first widow-friendly panchayat in Kerala
4) The district which is known as the "power house of Kerala"
(a) 2 & 4 (b) 1 & 3 (c) 1,2 & 3 (d) 3 only

8. ഇന്ത്യൻ മിനിയേച്ചർ കലയുടെ വിവിധ ശാഖകളുടെ നട്ടെല്ല് രൂപപ്പെട്ടിരിക്കുന്നത് മുഗൾ ചിത്രകലയിൽ നിന്നുമാണ്. താഴെ തന്നിരിക്കുന്നവയിൽ ഏതാണ് മുഗൾ ചിത്രകല സ്വാധീനം ചെലുത്താത്ത ചിത്രരചനാരീതി ?
(a) പഹാരി (b) രാജസ്ഥാനി (c) കാൻഗ്ര (d) കാളിഘട്ട്

9. ശരിയായി യോജിപ്പിക്കുക.

| | |
|---|---|
| A. ലാൻഡ് ഹോൾഡേഴ്സ് സൊസൈറ്റി | 1. H.N കുൻസ്രു |
| B. പൂനെ സാർവ്വജനിക് സഭ | 2. ശിശിർകുമാർ ഘോഷ് |
| C. സേവാ സമിതി | 3. ദ്വാരകാനാഥ് ടാഗോർ |
| D. ഇന്ത്യൻ ലീഗ് | 4. എം.ജി. റാനഡേ |

(a) A-3, B-4, C-1, D-2 (b) A-4, B-3, C-1, D-2
(c) A-3, B-4, C-2, D-1 (d) A-4, B-3, C-2, D-1

10. സ്വീഡിഷ് ഇന്റർനാഷണൽ ഡെവലപ്പ്മെന്റ് ഏജൻസിയുടെ സഹായത്തോടെ രാജസ്ഥാനിൽ നടപ്പിലാക്കിയ ലോക് ജംബിഷ് പദ്ധതി ബന്ധപ്പെട്ടിരിക്കുന്നത്.
(a) ആരോഗ്യം (b) വിദ്യാഭ്യാസം
(c) പരിസ്ഥിതി (d) ഇ-ഗവേണൻസ്

11. പ്രസ്താവന (A) മിതശീതോഷ്ണ വനങ്ങളെപ്പോലെയല്ല, ഉഷ്ണമേഖലാ മഴക്കാടുകളെ നികത്തിയാൽ, രാസവളങ്ങളുടെ സഹായമില്ലാതെ വർഷങ്ങളോളം ഉത്പാദനക്ഷമത കൂടിയ കൃഷി ഭൂമിയിൽ തീവ്രകൃഷി ചെയ്യാൻ കഴിയും.
കാരണം (R) : മിത ശീതോഷ്ണ വനങ്ങളെക്കാളും പ്രാഥമിക ഉത്പാദനക്ഷമത ഉഷ്ണമേഖലാ മഴക്കാടുകൾക്ക് വളരെ കൂടുതലാണ്.
(a) A യും R ഉം ശരിയാണ്, A യുടെ ശരിയായ വിശദീകരണമാണ് R .
(b) A യും R ഉം ശരിയാണ്, A യുടെ ശരിയായ വിശദീകരണമല്ല R.
(c) A ശരിയാണ്, R തെറ്റാണ്
(d) A തെറ്റാണ്, R ശരിയാണ്

12. ബ്രഹ്മപുത്ര, ഇരാവാഡി, മികോങ് നദികൾ ടിബറ്റിൽ നിന്ന് ഉത്ഭവിച്ച്, അതിന്റെ ഉപരിഘട്ടത്തിൽ ഇടുങ്ങിയതും സമാന്തരവുമായ പർവതനിരകളിലൂടെ ഒഴുകുന്നു. ഈ നദികളിൽ, ബ്രഹ്മപുത്ര ഇന്ത്യയിലേക്ക് ഒഴുകാനായി 'U' വളവ് തിരിയുന്നു. ഈ 'U' വളവിനു കാരണം
(a) ഹിമാലയൻ മടക്കുപർവതനിരകളുടെ ഉയർച്ച
(b) യുവ ഹിമാലയൻ നിരകളുടെ ഭൂമിശാസ്ത്രപരമായ സിന്റാക്സിയൽ വളവ്.
(c) തൃതീയ കാലഘട്ടത്തിലെ മടക്കു പർവതനിരകളിലെ ജിയോ - ടെക്റ്റോണിക് അസ്വസ്ഥത
(d) (a) യും (b) യും ശരി

13. താഴെപ്പറയുന്നവയിൽ ഏത് നദിയാണ് ദക്ഷിണേന്ത്യയിലെ ഗാന്ധിക്കോട്ട ഗിരികന്ദരം സൃഷ്ടിക്കുന്നത് ?
(a) കാവേരി (b) മഞ്ചിറ (c) പെന്നാർ (d) തുംഗഭദ്ര

14. ഏത് ശിലയുടെ കായാന്തരീകരണ രൂപമാണ് ക്വാർട്ട്സൈറ്റ്?
(a) ചുണ്ണാമ്പുകല്ല് (b) ഒബ്സീഡിയൻ (c) മണൽക്കല്ല് (d) ഷെയ്ൽ

15. ഇടുക്കി ജില്ലയെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന/പ്രസ്താവനകൾ തിരഞ്ഞെടുക്കുക.
1) കേരളത്തിൽ ഏറ്റവും കൂടുതൽ പൈനാപ്പിൾ ഉത്പാദിപ്പിക്കുന്ന ജില്ല
2) കേരളത്തിലെ ആദ്യ ഹാൾമാർക്ക്ഡ് ജില്ല
3) കേരളത്തിലെ ആദ്യ വിധവാ-സൗഹൃദ പഞ്ചായത്ത് കട്ടപ്പനയാണ്.
4) 'കേരളത്തിന്റെ പവർഹൗസ്' എന്നറിയപ്പെടുന്ന ജില്ല
(a) 2 ഉം 4 ഉം (b) 1 ഉം 3 ഉം (c) 1 ഉം 2 ഉം 3 ഉം (d) 3 മാത്രം

16. Which of the following is/are covered under Non-Plan Expenditure?
1. Defence expenditure
2. Interest payments
3. Salaries and pensions
4. Subsidies
Select the correct answer using the code given below.
(a) 1 only (b) 2 and 3 only (c) All of these (d) None of these

17. Consider the following statements regarding Indian Planning:
1. The Second Five-Year Plan emphasized on the establishment of heavy industries.
2. The Third Five-Year Plan introduced the concept of import substitution as a strategy for industrialization.
Which of the statements given above is/are correct?
(a) 1 only (b) 2 only (c) Both 1 and 2 (d) Neither 1 nor 2

18. What is/are the most likely advantages of implementing'Goods and Services Tax (GST)'?
1. It will replace multiple taxes collected by multiple authorities and will thus create a single market in India.
2. It will drastically reduce the 'Current Account deficit' of India and will enable it to increase its foreign exchange reserves.
3. It will enormously increase the growth and size of economy of India and will enable it to overtake China in the near future.
Select the correct answer using the code given below:
(a) 1 only (b) 2 and 3 only (c) 1 and 3 only (d) All of these

19. Consider the following financial institutions of India:
1. Industrial Finance Corporation of India (IFCI)
2. Industrial Credit and Investment Corporation of India(ICICI)
3. Industrial Development Bank of India (IDBI)
4. National Bank for Agriculture and Rural Development (NABARD)
The correct chronological sequence of the establishment of these institution is :
(a) 1, 2, 3, 4 (b) 2, 3, 4, 1 (c) 3, 4, 1, 2 (d) 4, 1, 2, 3

20. Find out right statements
1. Personal Disposable Income is obtained after deducting personal taxes and non-tax payments from Personal Income
2. In economics, investment is considered as expenditure along with the cost of buying goods and services
3. Personal Income is the share of households obtained by dividing national income by smaller components
(a) 1, 2 and 3 (b) 1 and 2 (c) 2 and 3 (d) 1 and 3

21. Who has been appointed as the Attorney General of India in October 2022
(a) K.K. Venugopal (b) Mukul Rohatgi
(c) R. Venkataramani (d) None of these

22. Which of the following is not the function of the National Human Rights Commission?
(a) To interfere in the proceedings related to any human rights violation case pending in the court
(b) Protecting the human rights of prisoners
(c) To provide economic compensation to any human rights violation victim
(d) Promoting research in the field of human rights

16. താഴെപ്പറയുന്നവയിൽ ഏതൊക്കെയാണ് പദ്ധതിയിതര ചെലവുകൾക്ക് കീഴിൽ വരുന്നത്?
    1. പ്രതിരോധ ചെലവ് 2. പലിശ പേയ്മെന്റുകൾ
    3. ശമ്പളവും പെൻഷനും 4. സബ്സിഡികൾ
    ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക
    (a) 1 മാത്രം (b) 2 ഉം 3 ഉം മാത്രം (c) ഇവയെല്ലാം (d) ഇവയൊന്നുമല്ല

17. ഇന്ത്യൻ ആസൂത്രണത്തെ സംബന്ധിച്ച് ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക:
    1. വൻകിട വ്യവസായങ്ങളുടെ സ്ഥാപനത്തിനാണ് രണ്ടാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകിയത്.
    2. വ്യവസായവത്കരണത്തിനുള്ള ഒരു തന്ത്രമായി ഇറക്കുമതി ബദൽ എന്ന ആശയം മൂന്നാം പഞ്ചവത്സര പദ്ധതിയിൽ അവതരിപ്പിച്ചു.
    മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ഏതാണ് ശരി ?
    (a) 1 മാത്രം (b) 2 മാത്രം (c) 1 ഉം 2 ഉം (d) രണ്ടും ശരിയല്ല

18. 'ചരക്ക് സേവന നികുതി (ജിഎസ്ടി)'നടപ്പിലാക്കുന്നതിന്റെ ഏറ്റവും സാധ്യതയുള്ള നേട്ടങ്ങൾ എന്തൊക്കെയാണ് ?
    1. ഒന്നിലധികം അധികാരികൾ ശേഖരിക്കുന്ന ഒന്നിലധികം നികുതികൾ ഒഴിവാക്കപ്പെടുകയും അങ്ങനെ ഇന്ത്യയിൽ ഒരൊറ്റ വിപണി സൃഷ്ടിക്കുകയും ചെയ്യും.
    2. ഇത് 'കറന്റ് അക്കൗണ്ട് ഡെഫിസിറ്റ്' ഗണ്യമായി കുറച്ച് ഇന്ത്യയുടെ വിദേശ നാണ്യ കരുതൽ ശേഖരം വർദ്ധിപ്പിക്കാൻ പ്രാപ്തമാക്കും.
    3. ഇത് ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ വളർച്ചയും വലിപ്പവും വളരെയധികം വർദ്ധിപ്പിച്ച് സമീപഭാവിയിൽ ഇന്ത്യയുടെ സമ്പദ്വ്യവസ്ഥ ചൈനയെ മറികടക്കാൻ പ്രാപ്തമാക്കും.
    ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
    (a) 1 മാത്രം (b) 2 ഉം 3 ഉം മാത്രം (c) 1 ഉം 3 ഉം മാത്രം (d) ഇവയെല്ലാം

19. ഇന്ത്യയിലെ ഇനിപ്പറയുന്ന ധനകാര്യ സ്ഥാപനങ്ങൾ പരിഗണിക്കുക:
    1. ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (IFCI)
    2. ഇൻഡസ്ട്രിയൽ ക്രെഡിറ്റ് ആൻഡ് ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ICICI)
    3. ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (IDBI)
    4. നാഷണൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (NABARD)
    ഈ സ്ഥാപനങ്ങളുടെ ശരിയായ കാലക്രമം തിരഞ്ഞെടുക്കുക
    (a) 1, 2, 3, 4 (b) 2, 3, 4, 1 (c) 3, 4, 1, 2 (d) 4, 1, 2, 3

20. ശരിയായ പ്രസ്താവനകൾ കണ്ടെത്തുക
    1. വ്യക്തിഗത വരുമാനത്തിൽ നിന്ന് വ്യക്തിഗത നികുതികളും നികുതിയിതര അടവുകളും കുറച്ചതിന് ശേഷം വ്യക്തിഗത വിനിയോഗ വരുമാനം ലഭിക്കും
    2. സാമ്പത്തിക ശാസ്ത്രത്തിൽ, ചരക്കുകളും സേവനങ്ങളും വാങ്ങുന്നതിനുള്ള ചെലവിനൊപ്പം നിക്ഷേപത്തെ ചെലവായി കണക്കാക്കുന്നു
    3. ദേശീയ വരുമാനത്തെ ചെറിയ ഘടകങ്ങളായി ഹരിച്ചാൽ ലഭിക്കുന്ന കുടുംബങ്ങളുടെ വിഹിതമാണ് വ്യക്തിഗത വരുമാനം.
    (a) 1 ഉം 2 ഉം 3 ഉം (b) 1 ഉം 2 ഉം (c) 2 ഉം 3 ഉം (d) 1 ഉം 3 ഉം

21. 2022 ഒക്ടോബറിൽ ഇന്ത്യയുടെ അറ്റോർണി ജനറലായി നിയമിതനായത്
    (a) കെ.കെ. വേണുഗോപാൽ (b) മുകുൾ റോത്തഗി
    (c) ആർ. വെങ്കിട്ടരമണി (d) ഇവയൊന്നുമല്ല

22. താഴെപ്പറയുന്നവയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനമല്ലാത്തതേത്?
    (a) കോടതിയിൽ നിലനിൽക്കുന്ന ഏതെങ്കിലും മനുഷ്യാവകാശ ലംഘന കേസുമായി ബന്ധപ്പെട്ട നടപടികളിൽ ഇടപെടൽ.
    (b) തടവുകാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക
    (c) ഏതെങ്കിലും മനുഷ്യാവകാശ ലംഘനത്തിന് ഇരയായവർക്ക് സാമ്പത്തിക നഷ്ടപരിഹാരം നൽകൽ
    (d) മനുഷ്യാവകാശ മേഖലയിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുക

23. Consider the following statements:
1. The Administrative Reforms Commission (ARC) set up in 1966 recommended the constitution of a two-tier machinery of a Lokpal at the Centre and Lokayuktas in the states.
2. P.D. Deshmukh was the chairman of the Administrative Reforms Commission (ARC) set up in 1966.
Which of the above statements is/are correct?
(a) 1 only (b) 2 only (c) Both 1 & 2 (d) Neither 1 nor 2

24. Who/Which of the following is the custodian of the Constitution of India?
(a) The President of India (b) The Prime Minister of India
(c) The Lok Sabha Secretariat (d) The Supreme Court of India

25. The impeachment of the President is carried by which one of the following?
(a) Attorney general (b) Members of the legislative assemblies
(c) Parliament (d) Prime minister

26. With reference to the provisions contained in part IV of the constitution of India, which of the following statements is/ are correct?
1. They shall be enforceable by courts
2. They shall not be enforceable by any court
3. The principles laid down in this part are to influence the making of laws by the state
Select the correct answer using the code given below
(a) 1 only (b) 2 only (c) 1 and 3 only (d) 2 and 3 only

27. The Prime Minister of India, at the time of his/her appointment:
(a) need not necessarily be a member of one of the Houses of the Parliament but must become a member of one of the Houses within six months
(b) need not necessarily be a member of one of the Houses of the Parliament but must become a member of the Lok Sabha within six months
(c) must be a member of one of the Houses of the Parliament
(d) must be a member of the Lok Sabha

28. In context with the Constituent Assembly, which among the following observations is / are correct?
1. The members of Constituent Assembly were elected directly
2. The basis of seats allocation was population
3. Composition of the Constituent Assembly was roughly in line with the suggestions of the Cabinet Mission plan
Select the correct option from the codes given below:
(a) 1 & 2 (b) 2 & 3 (c) 1 & 3 (d) all of the above

29. Right to Privacy is protected as an intrinsic part of Right to Life and Personal Liberty. Which of the following in the Constitution of India correctly and appropriately imply the above statement?
(a) Article 14 and the provisions under the $42^{nd}$ Amendment to the Constitution
(b) Article 17 and the Directive Principles of State Policy in Part IV
(c) Article 21 and the freedoms guaranteed in Part III
(d) Article 24 and the provisions under the 44th Amendment to the Constitution

23. ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക:
   1. 1966 ൽ രൂപീകരിച്ച ഭരണപരിഷ്കാര കമ്മീഷൻ (ARC) കേന്ദ്രത്തിൽ ലോക്പാലിന്റെയും സംസ്ഥാനങ്ങളിൽ ലോകായുക്തയുടെയും ദ്വിതല മെഷിനറി രൂപീകരിക്കാൻ ശിപാർശ ചെയ്തു.
   2. 1966 ൽ സ്ഥാപിതമായ ഭരണപരിഷ്കാര കമ്മീഷന്റെ (ARC) ചെയർമാനായിരുന്നു പി ഡി ദേശ്മുഖ്.

   മുകളിൽ പറഞ്ഞ പ്രസ്താവനകളിൽ ഏതാണ് ശരി ?
   (a) 1 മാത്രം (b) 2 മാത്രം (c) 1 ഉം 2 ഉം ശരി (d) 1 ഉം 2 ഉം തെറ്റാണ്

24. ഇനിപ്പറയുന്നവയിൽ ആരാണ്/ഏതാണ് ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷകൻ?
   (a) ഇന്ത്യയുടെ രാഷ്ട്രപതി (b) ഇന്ത്യൻ പ്രധാനമന്ത്രി
   (c) ലോക്സഭാ സെക്രട്ടേറിയറ്റ് (d) ഇന്ത്യയുടെ സുപ്രീം കോടതി

25. രാഷ്ട്രപതിയുടെ ഇംപീച്ച്മെന്റ് താഴെപ്പറയുന്നവയിൽ ആരാണ് നടപ്പിലാക്കുന്നത്?
   (a) അറ്റോർണി ജനറൽ (b) നിയമസഭാംഗങ്ങൾ
   (c) പാർലമെന്റ് (d) പ്രധാനമന്ത്രി

26. ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകളെ പരാമർശിച്ച് ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏത്/ഏതെല്ലാമാണ് ശരിയായിട്ടുള്ളത്
   1. കോടതികൾ മുഖേന അവ നടപ്പിലാക്കാൻ കഴിയും
   2. കോടതികൾ മുഖേന അവ നടപ്പിലാക്കാൻ കഴിയില്ല
   3. ഈ ഭാഗത്തു ഉൾപ്പെടുത്തിയിരിക്കുന്ന തത്ത്വങ്ങൾ സംസ്ഥാനത്തിന്റെ നിയമനിർമ്മാണത്തെ സ്വാധീനിക്കുന്നു

   ചുവടെ നൽകിയിരിക്കുന്ന കോഡ് ഉപയോഗിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക
   (a) 1 മാത്രം (b) 2 മാത്രം (c) 1 ഉം 3 ഉം മാത്രം (d) 2 ഉം 3 ഉം മാത്രം

27. ഇന്ത്യൻ പ്രധാനമന്ത്രി, തന്റെ നിയമന സമയത്ത്:
   (a) പാർലമെന്റിന്റെ ഒരു സഭയിൽ അംഗമാകണമെന്നില്ല, എന്നാൽ ആറ് മാസത്തിനുള്ളിൽ സഭകളിൽ ഒന്നിൽ അംഗമാകണം.
   (b) പാർലമെന്റിന്റെ ഒരു സഭയിൽ അംഗമായിരിക്കണമെന്നില്ല, എന്നാൽ ആറു മാസത്തിനകം ലോക്സഭയിൽ അംഗമാകണം.
   (c) പാർലമെന്റിന്റെ ഒരു സഭയിൽ അംഗമായിരിക്കണം
   (d) ലോക്സഭയിൽ അംഗമായിരിക്കണം

28. ഭരണഘടനാ നിയമനിർമ്മാണ സഭയുടെ പശ്ചാത്തലത്തിൽ, ഇനിപ്പറയുന്ന നിരീക്ഷണങ്ങളിൽ ഏത് /ഏതെല്ലാമാണ് ശരി?
   1. ഭരണഘടനാ നിയമനിർമ്മാണസഭയിലെ അംഗങ്ങളെ നേരിട്ട് തിരഞ്ഞെടുത്തു
   2. സീറ്റ് വിഭജനത്തിന്റെ അടിസ്ഥാനം ജനസംഖ്യയായിരുന്നു
   3. ഭരണഘടനാ നിയമനിർമ്മാണസഭയുടെ ഘടന കാബിനറ്റ് മിഷൻ പദ്ധതിയുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നു.

   ചുവടെ നൽകിയിരിക്കുന്ന കോഡുകളിൽ നിന്ന് ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക:
   (a) 1 ഉം 2 ഉം (b) 2 ഉം 3 ഉം (c) 1 ഉം 3 ഉം (d) എല്ലാം ശരി

29. ജീവിക്കാനുള്ള അവകാശവും വ്യക്തി സ്വാതന്ത്ര്യവും അന്തർലീനമായിരിക്കുന്ന ഘടകമെന്ന നിലയിൽ സ്വകാര്യതയ്ക്കുള്ള അവകാശം സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഇന്ത്യൻ ഭരണഘടനയിൽ ഏതാണ് മേൽ പറഞ്ഞിരിക്കുന്ന പ്രസ്താവനയെ സാധൂകരിക്കുന്നത്
   (a) ആർട്ടിക്കിൾ 14 , 42-ാം ഭരണഘടനാ ഭേദഗതി വകുപ്പിന് കീഴിലുള്ള വ്യവസ്ഥകൾ
   (b) ആർട്ടിക്കിൾ 17 ഉം ഭാഗം IV ലെ നിർദ്ദേശക തത്ത്വങ്ങളും
   (c) ആർട്ടിക്കിൾ 21 ഉം ഭാഗം III-ൽ ഉറപ്പു നൽകുന്ന സ്വാതന്ത്ര്യങ്ങളും.
   (d) ആർട്ടിക്കിൾ 24 , 44-ാം ഭരണഘടനാ ഭേദഗതി വകുപ്പിന് കീഴിലുള്ള വ്യവസ്ഥകൾ

30. With reference to the Constitution of India, consider the following statements
    1. No High Court shall have the jurisdiction to declare any central law to be constitutionally invalid.
    2. An amendment to the Constitution of India cannot be called into question by the Supreme Court of India.

    Which of the statements given above is/ are correct?
    (a) 1 only (b) 2 only (c) Both 1 and 2 (d) Neither 1 nor 2

31. With reference to Dhrupad, one of the major traditions of India that has been kept alive for centuries, which of the following statements are correct?
    1. Dhrupad originated and developed in the Rajput kingdoms during the Mughal period.
    2. Dhrupad is primarily a devotional and spiritual music.
    3. Dhrupad Alap uses Sanskrit syllables from Mantras.

    Select the correct answer using the codes given below :
    (a) 1 only (b) 2 only (c) 1 and 3 (d) 2 and 3

32. “Electra Gold Cup” is associated with which sports?
    (a) Polo (b) Table Tennis (c) Badminton (d) Football

33. Who scored the first hat-trick in FIFA World Cup 2022?
    (a) Lionel Messi (b) Cristiano Ronaldo (c) Neymar (d) Goncalo Ramos

34. Which of the following statements given below is/are correct ?
    1. Neeraj Chopra is the first Indian to win a gold medal in javelin throw at the Asian Games.
    2. Vinesh Phogat became the first Indian woman to win a gold medal in wrestling at the Asian Games
    3. M.D Valsamma is the first malayali woman to win a gold medal in Asian Games

    (a) 1 only (b) 2 only (c) 1 & 3 only (d) All the above

35. Who wrote the novel 'Pluto! Priyappetta Pluto!' ?
    (a) Subash Chandran (b) P.K. Balakrishnan (c) Rafeeq Ahmed (d) O.V. Vijayan

36. ‘പിന്നെയെന്നൊരുപകാരമേതിനോ-
    യെന്നെയോർത്തു സഖി, ഏതതോതുക;
    അന്യജീവനുതകി സ്വജീവിതം
    ധന്യമാക്കുമമലേ, വിവേകികൾ.’- these lines are from which work of Kumaranashan?
    (a) Nalini (b) Leela (c) Karuna (d) Veenapoovu

37. Choose the correctly matched pairs related to Jnanapith award.

| | |
|---|---|
| A. G. Sankara Kurup | 1. 2007 |
| B. Thakazhi Sivasankara Pilla | 2. 1995 |
| C. M T Vasudevan Nair | 3. 1965 |
| D. ONV Kurup | 4. 1984 |
| E. Akkitham Achuthan Namboothiri | 5. 2019 |

(a) A-4,B-3,C-1,D-2,E-5 (b) A-3,B-4,C-2,D-1,E-5
(c) A-3,B-4,C-1,D-2,E-5 (d) A-4,B-3,C-5,D-1,E-2

30. ഇന്ത്യൻ ഭരണഘടനയെ പരാമർശിച്ചുകൊണ്ട്, ഇനിപ്പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക
   1. ഒരു ഹൈക്കോടതിക്കും ഏതൊരു കേന്ദ്ര നിയമവും ഭരണഘടനാപരമായി അസാധുവാണെന്നു പ്രഖ്യാപിക്കാൻ അധികാരമില്ല
   2. ഭരണഘടനയിലെ ഭേദഗതികൾ സുപ്രീം കോടതിക്കു ചോദ്യം ചെയ്യാൻ അധികാരമില്ല

   മുകളിൽ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ഏത്/ഏതെല്ലാം ശരിയാണ്?

   (a) 1 മാത്രം (b) 2 മാത്രം (c) 1 ഉം 2 ഉം ശരി (d) 1 ഉം 2 ഉം തെറ്റ്

31. നൂറ്റാണ്ടുകളായി നിലനിർത്തിപ്പോരുന്ന ഇന്ത്യയുടെ പ്രധാന പാരമ്പര്യങ്ങളിലൊന്നായ ധ്രുപദിനെ പരാമർശിച്ചുകൊണ്ട്, ഇനിപ്പറയുന്ന പ്രസ്താവനകളിൽ ഏതാണ് ശരി?
   1. മുഗൾ ഭരണകാലത്ത് രജപുത്ര രാജ്യങ്ങളിൽ നിന്നാണ് ധ്രുപദ് ഉത്ഭവിക്കുകയും വികസിക്കുകയും ചെയ്തത്.
   2. ധ്രുപദ് പ്രാഥമികമായി ഭക്തിയും ആത്മീയവുമായ സംഗീതമാണ്.
   3. ധ്രുപദ് ആലാപ് സംസ്കൃത മന്ത്രങ്ങളിൽ നിന്നുള്ള അക്ഷരങ്ങൾ ഉപയോഗിക്കുന്നു.

   ചുവടെ നൽകിയിരിക്കുന്ന കോഡുകൾ ഉപയോഗിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക:

   (a) 1 മാത്രം (b) 2 മാത്രം (c) 1 ഉം 3 ഉം (d) 2 ഉം 3 ഉം

32. 'ഇലക്ട്രാ ഗോൾഡ് കപ്പ്' ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

   (a) പോളോ (b) ടേബിൾ ടെന്നീസ് (c) ബാഡ്മിന്റൺ (d) ഫുട്ബോൾ

33. 2022 ഫിഫ ലോകകപ്പിൽ ആദ്യ ഹാട്രിക് നേടിയത് ?

   (a) ലയണൽ മെസ്സി (b) ക്രിസ്റ്റ്യാനോ റൊണാൾഡോ
   (c) നെയ്മർ (d) ഗോൺസാലോ റാമോസ്

34. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായവ തിരഞ്ഞെടുക്കുക
   1. ഏഷ്യൻ ഗെയിംസിൽ ജാവലിൻ ത്രോയിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ താരമാണ് നീരജ് ചോപ്ര.
   2. ഏഷ്യൻ ഗെയിംസിൽ ഗുസ്തിയിൽ സ്വർണം നേടുന്ന ആദ്യ ഇന്ത്യൻ വനിതയാണ് വിനേഷ് ഫോഗട്ട്.
   3. ഏഷ്യൻ ഗെയിംസിൽ സ്വർണമെഡൽ നേടുന്ന ആദ്യ മലയാളി വനിതയാണ് എം ഡി വൽസമ്മ

   (a) 1 മാത്രം (b) 2 മാത്രം (c) 1 & 3 മാത്രം (d) എല്ലാം ശരിയാണ്

35. 'പ്ലൂട്ടോ! പ്രിയപ്പെട്ട പ്ലൂട്ടോ!' എന്ന നോവൽ എഴുതിയതാര്?

   (a) സുബാഷ് ചന്ദ്രൻ (b) പി.കെ. ബാലകൃഷ്ണൻ
   (c) റഫീഖ് അഹമ്മദ് (d) ഒ. വി. വിജയൻ

36. 'പിന്നെയെന്നൊരുപകാരമേതിനോ-
   യെന്നെയോർത്തു സഖി, ഏതതോതുക;
   അന്യജീവനുതകി സ്വജീവിതം
   ധന്യമാക്കുമമലേ, വിവേകികൾ'. ഈ വരികൾ കുമാരനാശാന്റെ ഏത് കൃതിയിലേതാണ്?

   (a) നളിനി (b) ലീല (c) കരുണ (d) വീണപൂവ്

37. ജ്ഞാനപീഠ പുരസ്കാരവുമായി ബന്ധപ്പെട്ട് ശരിയായി യോജിച്ചവ തിരഞ്ഞെടുക്കുക.

| | |
|---|---|
| A. ജി.ശങ്കരക്കുറുപ്പ് | 1. 2007 |
| B. തകഴി ശിവശങ്കരപ്പിള്ള | 2. 1995 |
| C.എം ടി വാസുദേവൻ നായർ | 3. 1965 |
| D.ഒഎൻവി കുറുപ്പ് | 4. 1984 |
| E.അക്കിത്തം അച്യുതൻനമ്പൂതിരി | 5. 2019 |

   (a) A-4,B-3,C-1,D-2,E-5 (b) A-3,B-4,C-2,D-1,E-5
   (c) A-3,B-4,C-1,D-2,E-5 (d) A-4,B-3,C-5,D-1,E-2

